**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1345** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളം,പെൻഷൻ കുടിശ്ശിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളം,പെൻഷൻ എന്നിവയിൽ നിലവിൽ കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക വിവരം മാസം തിരിച്ച് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** നിലവിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളം, പെൻഷൻ എന്നിവയുടെ വിതരണത്തിൽ കുടിശ്ശികയില്ല.

**(ബി)** സ്ത്രീകൾക്കുള്ള സൗജന്യ യാത്രാ പദ്ധതിയുടെ ക്രമീകരണങ്ങളെ കുറിച്ച് വിശദീകരിക്കാമോ; നിലവിൽ കെഎസ്ആർടിസി ബസ്സുകളിൽ യാത്രചെയ്യുന്ന വനിതാ യാത്രക്കാരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;വിശദമാക്കാമോ?

**<u>മറുപടി:</u>** 'ഇന്ദിരാ ഗ്യാരണ്ടി' പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി സർവീസുകളിലും സ്ത്രീകൾക്കും ട്രാൻസ്ജെന്റേഴ്സിനും സൗജന്യയാത്ര ചെയ്യുന്നതിനായി 'പ്രിയദർശിനി' സൗജന്യയാത്രാ പദ്ധതി സ.ഉ.(കൈ) നം. 16/2026/TRANS, തീയതി 11.06.2026 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2026 ജൂൺ 15-ന് തിരുവനന്തപുരത്ത് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. അന്നേ ദിവസം തന്നെ കെ.എസ്.ആർ.ടി.സി.യുടെ 93 യൂണിറ്റുകളിലും മറ്റ് 58 പ്രധാന കേന്ദ്രങ്ങളിലും എം.പി. / എം.എൽ.എ., മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ ഉദ്ഘാടനങ്ങൾ നടത്തുകയും ചെയ്തു. പ്രായഭേദമന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെന്റേഴ്സിനും കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി സർവീസുകളിലും സൗജന്യയാത്ര ഈ പദ്ധതിയിലൂടെ അനുവദിച്ചിട്ടുണ്ട്.

സൗജന്യ യാത്രാ ടിക്കറ്റുകൾ നൽകുന്നതിനായി ETIM ഉപകരണങ്ങളിൽ ആവശ്യമായ സോഫ്റ്റ്‌വെയർ മാറ്റങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ടി സൗകര്യം ഉപയോഗിച്ച് വനിതകൾക്കും ട്രാൻസ്ജെന്റർ യാത്രക്കാർക്കും ഓർഡിനറി ബസുകളിൽ ₹0.00 മൂല്യമുള്ള ടിക്കറ്റുകൾ നൽകിവരുന്നു.

പ്രിയദർശിനി സ്കീം ആരംഭിച്ച 2026 ജൂൺ 15 മുതൽ ജൂൺ 22 വരെയുള്ള കണക്ക് പ്രകാരം ഓർഡിനറി ബസുകളിൽ 91,55,976 പേർ സൗജന്യ യാത്ര നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**